# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1759 — 17-12-2012-ന് മറുപടി നൽകേണ്ടത്

## <u>സപ്തധാരാ പദ്ധതികൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | സർക്കാർ സർവ്വീസിലെ ഓരോ വകുപ്പിലും ഒരു വർഷത്തിനുള്ളിൽ സപ്തധാരാ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കർമ്മ പരിപാടികളാണ് പൂർത്തീകരിച്ചത്; ബാക്കി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും; | **(എ) യും (ബി) യും**<br>ഒരു വർഷ കർമ്മപദ്ധതിയുടെ ഭാഗമായി മൊത്തം 664 പദ്ധതികളാണ് ഏഴിനങ്ങളിലായി പ്രഖ്യാപിച്ചത്. ഇതിൽ 374 എണ്ണം പൂർണ്ണമായി നടപ്പാക്കാനായി. 235 എണ്ണം നടപ്പാക്കിവരുന്നു. 91.71% നേട്ടം കൈവരിക്കാൻ സാധിച്ചു.<br>സേവനാവകാശ ബിൽ നിയമസഭ പാസ്സാക്കി. മാലിന്യ സംസ്കരണത്തിന് സിയാൽ മാതൃകയിൽ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചു. എമേർജിംഗ് കേരള വിജയകരമായി നടത്തി. അതിൽ ഉയർന്ന നിക്ഷേപ നിർദ്ദേശങ്ങളുടെ തുടർനടപടികൾക്കായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചു. കൊച്ചി മെട്രോ റയിലിന് പ്രധാനമന്ത്രി തറക്കല്ലിട്ടു. തിരുവനന്തപുരം (5,100 കോടി), കോഴിക്കോട് (4,500 കോടി), മോണോ റയിൽ പദ്ധതികളിൽ കോഴിക്കോടിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ റോഡ്, |
| (ബി) | സപ്തധാരാ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് സമയബന്ധിത പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ; | |

| | | |
|---|---|---|
| | | റയിൽ, വെള്ളം എന്നിവയുടെ പണികൾ തുടങ്ങി. സർക്കാർ ആശുപത്രികളിൽ 952 ഇനം ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി തുടങ്ങി, കണ്ണൂർ വിമാനത്താവളത്തിന്റെ പരിസ്ഥിതി പഠനം പൂർത്തിയായി. തിരൂരിൽ മലയാളം സർവ്വകലാശാല സ്ഥാപിച്ചു. മലയാളം നിർബന്ധ ഭാഷയും ഒന്നാം ഭാഷയുമാക്കി ഉത്തരവായി തുടങ്ങി 664 ഇനങ്ങളാണ് ഒരു വർഷ കർമ്മപദ്ധതിയിൽപ്പെട്ട പ്രധാന പരിപാടികൾ<br><br>16-10-2012-ന് ചേർന്ന മന്ത്രിസഭാ യോഗം സപ്തധാരാ പദ്ധതിയിൽ വിവിധ വകുപ്പുകൾ നേടിയ പുരോഗതി വിലയിരുത്തി. ഭാഗികമായി പൂർത്തിയാക്കിയ പദ്ധതികൾ പൂർത്തീകരിക്കുവാനും, ഇനിയും ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾക്ക് വർക്കിംഗ് ഗ്രൂപ്പുകളും, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തിരമായി യോഗം ചേർന്ന് പദ്ധതികൾക്ക് ഉടനെ ഭരണാനുമതി നൽകേണ്ടതാണെന്നും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ